# 9

# കരുതലും ധൈര്യവുമുള്ള ദാസന്മാർ

## (2:19- 30)

താൻ മരിച്ചേക്കാം എന്നു ലേഖനത്തിൽ പൗലൊസ് പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞു. തന്റെ ജീവിതം "പാനിയ യാഗമായി" അർപ്പിക്കുന്നതിനെ കുറിച്ച് അവൻ സംസാരിച്ചു (2:17). ഈ സാഹചര്യം തന്റെ വായനക്കാരെ വേദനിപ്പിക്കുമെന്ന് തിരിച്ചറിഞ്ഞിട്ട്, അവൻ അവരെ ആശ്വസിപ്പിപ്പാൻ ആഗ്ര ഹിച്ചു. രണ്ട് പേരെ അവരുടെ അടുക്കലേക്ക് അയക്കുവാനുള്ള തന്റെ പദ്ധതി അവൻ അവരെ അറിയിച്ചു–ഒരാളെ ഉടനെ അയക്കും (എപ്പഫ്രാസ്) മറ്റൊരാളെ (തിമൊഥെയൊസിനെ) വേഗത്തിൽ അയക്കും. തന്റെ പദ്ധതികളെ രൂപപ്പെ ടുത്തി പൗലൊസ് ആ സഹപ്രവർത്തകരുടെ സ്വഭാവങ്ങളെയും വിവരിച്ചു. 2:19–30 ൽ, രണ്ട് ദാസന്മാരെ കാണുന്നു–ഒരാൾ കരുതുന്നവനും മറ്റെയാൾ ധൈര്യമുള്ളവനുമായിരുന്നു.

### കരുതിയ മനുഷ്യൻ (2:19-24)

**വ്യക്തി (2:19)**

**19 നിങ്ങളുടെ വസ്തുത അറിഞ്ഞിട്ട് എനിക്കും മനം തണുക്കേണ്ടതിന്നു തിമൊഥെയൊസിനെ വേഗത്തിൽ അങ്ങോട്ട് അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു.**

**വാക്യം 19.** ഫിലിപ്പിയരുടെ അടുക്കലേക്ക് തിമൊഥെയൊസിനെ അയക്കു വാൻ പൗലൊസ് പദ്ധതിയിട്ടു. **തിമൊഥെയൊസിനെ അങ്ങോട്ട് അയക്കാമെന്ന് കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു.** ഇത് ആദ്യമായിട്ടല്ല അവൻ തിമൊഥെയൊസിനെ രഹസ്യസന്ദേശവാഹകനായി അയക്കുന്നത് (1 കൊ. 4:17; 16:10, 11; 1 തെസ്സ. 3:6). തിമൊഥെയൊസിനേക്കാൾ പ്രത്യേകതയുള്ളതായി പൗലൊസിനു മറ്റാരുമില്ലായിരുന്നു. തന്റെ ലേഖനങ്ങളിൽ പൗലൊസ് ഈ യുവ സുവിശേഷകനെ കുറിച്ച് ഇരുപത്തി–യഞ്ചു പ്രാവശ്യത്തിലധികം പ റയുന്നുണ്ട്. തിമൊഥെയൊസ് കൗമാരപ്രായത്തിലായിരുന്നപ്പോൾ, പൗലൊ സായിരിക്കാം അവനെ പരിവർത്തനം ചെയ്യുവാൻ സഹായിച്ചത് (1 കൊ. 4:17 നോക്കുക). പിന്നെ അവനെ തന്റെ മിഷ്ണറി യാത്രകളിൽ തന്നോടുകൂടെ യാത്ര ചെയ്യുവാൻ നിയോഗിച്ചു (പ്രവൃ. 16:1–4). ഇപ്പോൾ തിമൊഥെയൊസ് റോമിൽ പൗലൊസിനോടുകൂടെ ഇരുന്നു (ഫിലി, 1:1), അവനെ സഹായിക്കു കയായിരുന്നു.

പൗലൊസ് തിമൊഥെയൊസിനെ അയക്കുന്നത് ഫിലിപ്പിയരുടെ വിവര ങ്ങൾ ശേഖരിച്ച് അറിയിക്കുവാനായിരുന്നു. **നിങ്ങളുടെ അവസ്ഥ അറിഞ്ഞിട്ട്**

**എനിക്കും മനം തണുക്കേണ്ടതിന്.** ഫിലിപ്പിയരെ കുറിച്ച് പ്രോൽസാഹന വാർത്തകളാണ് പൗലൊസ് പ്രതീക്ഷിച്ചത്–അവനും അങ്ങനെയുള്ള വാർത്ത യാണ് അയക്കുന്നത്.

### വ്യക്തിത്വം (2:20–22)

**20നിങ്ങളെ സംബന്ധിച്ച് പരമാർത്ഥമായി കരുതുവാൻ തുല്യ ചിത്തനായി എനിക്ക് മറ്റാരുമില്ല. 21യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്തകാര്യമത്രെ എല്ലാവരും നോക്കുന്നു. 22അവനോ മകൻ അപ്പന്നു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലൊ.**

**വാക്യം 20, 21.** ഈ പ്രധാനപ്പെട്ട ജോലിക്ക് പൗലൊസ് തിമൊഥെയൊസിനെ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണ്? അവൻ എഴുതി, **നിങ്ങളെ സംബന്ധിച്ച് പരമാർത്ഥമായി കരുതുവാൻ എനിക്ക് തുല്യ ചിത്തനായി മറ്റാരുമില്ല.** "തുല്യ ചിത്തൻ" എന്നത് തർജിമ ചെയ്തിരിക്കുന്നത് *ഐസോസുക്കോസ്* എന്ന സംയുക്ത വാക്കാണ്, "തുല്ല്യം" എന്നതിനുള്ള *ഐസോസ്* എന്നും, "ആത്മാവ്" എന്നതിനുള്ള *സൂക്കേയും*. അതിനർത്ഥം "തുല്യ–ആത്മാവുള്ള" അല്ലെങ്കിൽ "ഒരേ–ആത്മാവുള്ള." കെജെവിയിൽ "തുല്യ മനസുള്ള" എന്നാണ്. "തുല്യ–ആത്മാവുള്ള" ഒരു സഹ പ്രവർത്തകനോ അല്ലെങ്കിൽ സ്നേഹിതനോ ഉള്ളത് പ്രത്യേകത ജനിപ്പിക്കുന്നതാണ്. ബൈബിൾ ഉദാഹരണത്തിന് ദാവീദിനേയും യോനാഥാനേയും നോക്കുക: "യോനാഥാന്റെ മനസ് ദാവീദിന്റെ മനസിനോട് പറ്റിച്ചേർന്നു, യോനാഥാൻ അവനെ സ്വന്ത പ്രാണനെ പോലെ സ്നേഹിച്ചു" (1 ശമു. 18:1). ഫിലിപ്പിയർ 2:20–ൽ പൗലൊസ് പറഞ്ഞ "തുല്യ ചിത്തൻ" എന്ന വാക്ക് അർത്ഥമാക്കുന്നത് പൗലൊസിനു ഫിലിപ്പിയരോടുണ്ടായിരുന്ന അതേ സ്നേഹവും കരുതലും തിമൊഥെയൊസിനും അവരോട് ഉണ്ടായിരുന്നു എന്നാണ്.

"ഫിലിപ്പിയരുടെ ക്ഷേമത്തെ കുറിച്ച് മറ്റാരും പരമാർത്ഥമായി കരുതിയില്ല" എന്നു പൗലൊസ് പറയുവാനുള്ള കാരണത്തെ കുറിച്ച് പലരും അതിശയിച്ചിട്ടുണ്ട്. കാരണം സമയാ സമയങ്ങളിൽ, മറ്റു സഹപ്രവർത്തകർ റോമിൽ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു–ഉദാഹരണത്തിന്, ലൂക്കൊസ്, യോഹന്നാൻ, തിഹിക്കൊസ്, എപ്പഫ്രാസ് തുടങ്ങിയവർ (പ്രവൃ. 27:1; 28:14–16; എഫെ. 6:21; കൊലൊ. 1:7, 8; 4:7, 8, 12, 14; ഫിലെ. 23, 24). തീർച്ചയായും ഇവരാരും കരുതലില്ലാത്തവരാണെന്ന് പൗലൊസ് കുറ്റപ്പെടുത്തിയിരുന്നില്ല. പൗലൊസ് ഫിലിപ്പിയർക്ക് ലേഖനം എഴുതിയപ്പോൾ, ഒരുപക്ഷെ അവരിൽ ഒരാൾ പട്ടണത്തിൽ ഉണ്ടായിരുന്നേക്കാം; അവരെ മറ്റു ദൗത്യങ്ങൾക്ക് നിയോഗിച്ചിരിക്കാം; തീർച്ചയായും സുവിശേഷം പ്രഖ്യാപിക്കുന്ന മറ്റു വിശ്വസ്തർ റോമിൽ ഉണ്ടായിരുന്നേക്കാം (ഫിലി. 1:14–16 നോക്കുക). ഈ ആളുകളോ? പൗലൊസ് അർത്ഥമാക്കിയത്, ആ സമയത്ത്, പോകുവാൻ തയ്യാറായവരും, യാത്രക്ക് യോഗ്യരായവരും വേറെ ഉണ്ടായിരുന്നില്ല എന്നതായിരിക്കാം.

റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ എന്തുകൊണ്ടായിരിക്കും ഫിലിപ്പിയ സഭയെ കുറിച്ച് കരുതാതിരുന്നത്? അവിടെ യോഗ്യരായവർ ഫിലിപ്പിയയിലേക്ക് യാത്ര ചെയ്യുവാൻ തയ്യാറായില്ലേ? പൗലൊസ് തുടരുന്നു, **യേശു**

**ക്രിസ്തുവിന്റെ കാര്യമല്ല, ഓരോരുത്തരും സ്വന്തകാര്യമത്രെ നോക്കുന്നു.** റോമയിലുണ്ടായിരുന്നവർ തങ്ങളുടെ ഉപജീവനത്തിനായി ദിവസവും ജോലി ചെയ്തു വന്നതിനാൽ എഴുന്നൂറു മൈൽ അകലെയുള്ള ഒരു ചെറിയ റോമൻ കോളനിയെ കുറിച്ച് വലിയ താൽപര്യം കാണിച്ചിരിക്കുകയില്ല. ഫിലിപ്പിയ യിലെ ആവശ്യങ്ങൾ അറിയിച്ചിരുന്നെങ്കിൽ, റോമയിലെ ചിലർ പ്രതി–കരിക്കു മായിരുന്നു. "നാം എന്തിനാണ് ഫിലിപ്പിയയെ കുറിച്ച് കരുതുന്നത്? നമുക്ക് ഒരിക്കലും നിറവേറ്റുവാൻ കഴിയാത്ത ആവശ്യങ്ങളാണ് ഇപ്പോൾ ഉള്ളത്!" ഇത്തരം ചിന്തയാണ് സുവിശേഷീകരണത്തെയും മിഷ്ണറി പ്രവർത്തന ത്തെയും തടയുന്നത്.

**വാക്യം 22. അവന്റെ വില തെളിയിക്കപ്പെട്ടതാണെന്ന്** തിമൊഥെയൊ സിനെ കുറിച്ച് പൗലൊസ് എഴുതി. പല അവസരങ്ങളിലും തിമൊഥെയൊസ് ഫിലിപ്പിയയിൽ ആയിരുന്നിട്ടുണ്ട് (പ്രവൃ. 16:1, 3, 12; 19:22; 20:3, 4; 2 കൊ. 1:1; 2:13; 9:2, 4 നോക്കുക; ഫിലിപ്പിയ മക്കെദോന്യ പട്ടണമായിരുന്നു). ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ തിമൊഥെയൊസിനെ അറിയുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പൗലൊസ് പറഞ്ഞത് **മകൻ അപ്പന്നു ചെയ്യുന്നതുപോലെ [എന്നോടുകൂടെ] സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലൊ എന്നാണ്.** വിശ്വാസത്തിൽ പൗലൊസിന്റെ പുത്രനായിരുന്നു തിമൊഥെയൊസ് (1 കൊ. 4:17; 1 തിമൊ. 1:2; 2 തിമൊ. 1:2; 2:1). അവർ തോളോടു തോൾ ചേർന്നു വർഷങ്ങളോളം പ്ര വർത്തിച്ചു.

**പദ്ധതി (2:23, 24)**

**23ആകയാൽ എന്റെ കാര്യം എങ്ങനെയാകും എന്ന് അറിഞ്ഞ ഉടനെ ഞാൻ അവനെ അയപ്പാൻ ആശിക്കുന്നു. 24ഞാനും വേഗം വരും എന്നു കർത്താവിൽ ആശിക്കുന്നു.**

**വാക്യം 23, 24.** തിമൊഥെയൊസിനെ ഫിലിപ്പിയരുടെ അടുക്കൽ അയച്ചു അവരെ സംബന്ധിച്ച വിവരം ശേഖരിക്കുക എന്നതായിരുന്നു പൗലൊസിന്റെ പദ്ധതിയിലെ ഒരു ഭാഗം (2:19). പൗലൊസിന്റെ വിചാരണയുടെ ഫലം തിമൊ ഥെയൊസ് ഫിലിപ്പിയരെ അറിയിക്കുകയും ചെയ്യും: **ആകയാൽ എന്റെ കാര്യം എങ്ങനെയാകും എന്ന് അറിഞ്ഞ ഉടനെ ഞാൻ അവനെ അയപ്പാൻ ആശിക്കുന്നു.** തന്നെ മോചിപ്പിക്കുമെന്ന് പൗലൊസ് പ്രതീക്ഷിച്ചിരുന്നു: ഞാനും വേഗം വരുമെന്ന് കർത്താവിൽ ആശ്രയിച്ചിരിക്കുന്നു. എങ്കിലും അത് അനിശ്ചിതമാണെന്ന് അവന് അറിയാമായിരുന്നു (1:20). ആകയാൽ അവൻ ഇവിടെയും വാക്യം 19 ലും തന്റെ പദ്ധതിയിലെ വാക്കുകൾ "കർത്താവിൽ" ആശ്രയിച്ചാണ് പറയുന്നത്. എല്ലാം ദൈവത്തിന്റെ കരങ്ങളിൽ അവന്റെ ഹിത പ്രകാരമാണ് നടക്കുക എന്ന് പൗലൊസ് തിരിച്ചറിഞ്ഞിരുന്നു.

## ധൈര്യപ്പെട്ട ഒരു മനുഷ്യൻ (2:25-30)

**അവന്റെ സേവനം (2:25)**

**25എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നി**

**ങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചവനുമായഎപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ നിങ്ങളുടെ അടുക്കൽ അയക്കുന്നത് ആവശ്യം എന്നു എനിക്കു തോന്നി.**

**വാക്യം 25.** തിമൊഥെയൊസിനെ അയപ്പാൻ പൗലൊസ് ആഗ്രഹിച്ചു, എന്നാൽ അത് തന്റെ വിചാരണക്ക് ശേഷമാണ്. മറ്റാരെങ്കിലും ഉടനെ ഫിലിപ്പിയയിലേക്ക് യാത്ര ചെയ്യണം. **എപ്പഫ്രൊദിത്തൊസിനെ**യാണ് പൗലൊസ് ഉടനെ അയപ്പാൻ ആഗ്രഹിച്ചത്.

ഫിലിപ്പിയ ലേഖനത്തിൽ മാത്രമാണ് ബൈബിളിൽ എപ്പഫ്രാസിനെ കുറിച്ചു പറയുന്നത് എങ്കിലും, മികവുറ്റ ഒരു ദൈവദാസനായിട്ടാണ് എപ്പഫ്രാസിനെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. "പൊതുവിൽ അറിയപ്പെടുന്നതും അടിക്കടി പുരാതന സാഹിത്യത്തിൽ ഉപയോഗിച്ചിരുന്നതുമായ പേരായിരുന്നു അവന്റേത്, അതിന്റെ ചുരുക്കപ്പേരാണ് എപ്പഫ്രാസ്,"[1] (എങ്ങനെയായാലും, ഈ എപ്പഫ്രാസ് അല്ല കൊലൊസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്ന കൊലൊസ്യ സഭയിലെ എപ്പഫ്രൊദിത്തൊസ് എന്ന് പൊതുവിൽ സമ്മതിച്ചിട്ടുള്ളതാണ്) [കൊലൊ. 1:7; 4:12; ഫിലെ. 23].) ആ ഗ്രീക്ക് വാക്കിന്റെ അർത്ഥം, "കമനീയമായ." എങ്ങനെ നോക്കിയാലും, എപ്പഫ്രൊദിത്തൊസ് ഒരു "കമനീയ" വ്യക്തി തന്നെയായിരുന്നു.

മുൻപ് ശ്രദ്ധിച്ചതുപോലെ, ഫിലിപ്പിയ സഭ റോമിലായിരുന്ന പൗലൊസിനു സാമ്പത്തിക സഹായം എത്തിച്ചു കൊടുത്തിരുന്നു (1:5 നോക്കുക). ഫിലിപ്പിയ സഭ, മക്കെദോന്യസഭ പോലെ വലിയ സാമ്പത്തികശേഷിയുള്ള ഒന്നായിരുന്നില്ല (2 കൊ. 8:1, 2; പ്രവൃ. 16:12); എന്നാൽ പൗലൊസിന്റെ അവസ്ഥ അറിഞ്ഞ് അവർ ത്യാഗത്തോടെ പണം ശേഖരിച്ച് അയക്കുകയായിരുന്നു. ആ ധർമ്മശേഖരം അയക്കുവാൻ അവർ തിരഞ്ഞെടുത്തത് എപ്പഫ്രാസിനെ ആയിരുന്നു (ഫിലി. 4:18).

**നിങ്ങളുടെ ദൂതൻ** എന്നാണ് എപ്പഫ്രാസിനെ വിളിച്ചത്. "ദൂതൻ" എന്ന വാക്ക് തർജിമ ചെയ്തത് *അപോസ്റ്റോലോസ്* ആണ്, ക്രിയയും പ്രിപൊസിഷനും യോജിപ്പിച്ച സംയുക്തവാക്കാണ് അത്. "ൽനിന്നും" എന്നർത്ഥം വരുന്ന *അപോ*യും "അയക്കുക" എന്നർത്ഥം വരുന്ന *സ്റ്റെല്ലോ*യും യോജിപ്പിച്ചിരിക്കുകയാണ്. നാമത്തിന്റെ അർത്ഥം "അയക്കുന്നവൻ" എന്നാണ്. പുതിയ നിയമത്തിൽ അത് പ്രാഥമികമായി യേശുവിനാൽ അയക്കപ്പെടുന്നതിനെയാണ് പറയുന്നത്: അതായത് പന്തിരുവരെ (മത്താ. 10:2; പ്രവൃ. 1:2, 26; 2:42, 43 നോക്കുക) പൗലൊസിനെയും അങ്ങനെ അയച്ചതാണ് (റോമർ 1:1; 11:13; ഗലാ. 1:1, 17 നോക്കുക). രണ്ടാമതായി ഇടവകകൾ അയക്കുന്ന അർത്ഥത്തിലും പ്രയോഗിച്ചിരിക്കുന്നു (പ്രവൃ. 14:14; റോമർ 16:7; 2 കൊ. 8:23). ഫിലിപ്പിയർ 2:25 ലെ അതിന്റെ അർത്ഥം "നിങ്ങൾ അയച്ചവൻ" എന്നാണ്. ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികൾ എപ്പഫ്രാസിനെ അയച്ചത് അവർക്ക് അവനിലുള്ള വിശ്വാസത്തെയാണ് കാണിക്കുന്നത്.[2]

എപ്പഫ്രാസ് റോമിൽ എത്തിയപ്പോൾ, ഉടനെ ധർമ്മശേഖരം പൗലൊസിനെ ഏൽപിച്ചിട്ടു ഫിലിപ്പിയയിലേക്ക് മടങ്ങുകയായിരുന്നില്ല. മറിച്ച്, അവൻ അവിടെ താമസിച്ച് തടവിലായിരുന്ന പൗലൊസിനെ ശുശ്രൂഷിച്ചു. [തന്റെ] **ആവശ്യത്തിനു ശുശ്രൂഷിച്ചവനായിരുന്നു** എപ്പഫ്രാസ് എന്നാണ് അപ്പൊസ്തലൻ എപ്പഫ്രാസിനെ കുറിച്ച് ഫിലിപ്പിയരോട് പറഞ്ഞത്. കൂടുതൽ

സാധാരണ "ശുശ്രൂഷ" എന്നതിനു ഉപയോഗിക്കുന്ന *ഡയാക്കോണോസ്* അല്ല ഇവിടെ, മറിച്ച് *ലെയിറ്റർഗോസ്* ആണ്. വില്യം ബാർക്ക്ലേ വിവരിച്ചു,

> ലൗകിക ഗ്രീക്കിൽ ഈ വാക്ക് മനോഹരമായ ഒന്നാണ്. പുരാതന ഗ്രീക്ക് പട്ടണങ്ങളിൽ പുരുഷന്മാർ, അവരുടെ പട്ടണത്തോടുള്ള സ്നേഹം നിമിത്തം അവരുടെ സ്വന്ത ചെലവിൽ ആഭ്യന്തര കടമകൾ നിർവ്വഹിച്ചു വന്നിരുന്നു. നയതന്ത്രകാര്യാലയത്തിന്റേയോ, അല്ലെങ്കിൽ പ്രസിദ്ധ കവികളുടെ രചനകൾ നാടകമായി അവതരിപ്പിക്കുന്നതിന്റേയോ, കായിക മൽസരങ്ങളിൽ പങ്കെടുക്കുന്നവരുടേയും, യുദ്ധക്കപ്പലിൽ ജോലി ചെയ്യുന്നവരുടേയും നാവികസേനയിൽ പ്രവർത്തിക്കുന്നവരുടേയും ചെലവുകൾ വഹിച്ചിരുന്നത് അവരായിരുന്നു. അവരായിരുന്നു സംസ്ഥാനത്തെ ഏറ്റവും ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്നത്, അവരെയായിരുന്നു *ലെയിറ്റർഗോയി* എന്നു വിളിച്ചിരുന്നത്.[3]

പ്രത്യേകമായി, എന്തായിരുന്നു എപ്പഫ്രാസ് ചെയ്തിരുന്നത്? അവൻ ഒരു ഉപദേഷ്ടാവോ പ്രാസംഗികനോ ആയിരുന്നു എന്നതിനു നമുക്ക് സൂചന ഒന്നുമില്ല. മറിച്ച്, അവൻ ഒരു "ശുശ്രൂഷകൻ" ആയിരുന്നു–പൗലൊസിന്റെ ആവശ്യങ്ങൾ എന്തായിരുന്നാലും, നിറവേറ്റുവാനുള്ള–ഒരു ഭൃത്യനായിരുന്നു. വയസനായ അപ്പൊസ്തലൻ ഒരു കാവൽക്കാരനുമായി ബന്ധിച്ചിരുന്നതിനാൽ സ്വതന്ത്രമായി ചലിക്കുവാൻ പ്രയാസമായിരുന്നു (ഫിലെ. 9; എഫെ. 6:20). ആരെങ്കിലും സാധനങ്ങൾ വാങ്ങി കൊണ്ടുവന്നു പാചകം ചെയ്തു കൊടുക്കണമായിരുന്നു. അവന്റെ വസ്ത്രം ആരെങ്കിലും മാറ്റിക്കൊടുക്കണമായിരുന്നു. "ജഡത്തിൽ ശൂലം" ഉണ്ടായിരുന്നതുകൊണ്ട് ആരെങ്കിലും അവനെ ശ്രദ്ധിക്കണമായിരുന്നു (2 കൊ. 12:7). (പൗലൊസിന്റെ "ജഡത്തിലെ ശൂലം" ശാരീരിക രോഗം ആണെങ്കിൽ, ആരുടെയെങ്കിലും സഹായം കിടക്കുവാൻ അവനു ആവശ്യമായിരുന്നേക്കാം). ചിലപ്പോൾ പൗലൊസിന് ആരുടെയെങ്കിലും കൂട്ട് അവൻ ആഗ്രഹിച്ചിരിക്കാം. ഐഹികമായ ഈ പ്രവൃത്തികൾക്ക് പുറമെ, ദൗത്യയാത്രയും സന്ദേശങ്ങൾ കൊടുത്തയക്കേണ്ടതുമുണ്ടായിരുന്നു.

എപ്പഫ്രാസ് ആ ശുശ്രൂഷകൾ എത്ര നാൾ നടത്തി എന്നു നിശ്ചയമില്ല, മാസങ്ങളോളം നീണ്ടുനിന്നു കാണും. അവൻ അവിടെ എത്തിയപ്പോൾ പൗലൊസ് ഒരുപക്ഷെ രോഗിയായിരുന്നേക്കാം. ആ വാർത്ത ആരെങ്കിലും ഫിലിപ്പിയയിൽ എത്തിച്ചിരിക്കാം. അന്ന് വാർത്തകൾ വളരെ മന്ദഗതിയിൽ സഞ്ചരിച്ചിരുന്നതുകൊണ്ട് അത് ഫിലിപ്പിയയിലെത്തുവാനും തിരിച്ച് വേണ്ടത് ചെയ്യുവാനും സമയം എടുത്തിരിക്കാം. ഈ സമയമെല്ലാം എപ്പഫ്രാസ് പൗലൊസിനു ആവശ്യമുള്ള ശുശ്രൂഷ നടത്തുകയായിരുന്നു. ആ മനുഷ്യനേയും അവന്റെ ശുശ്രൂഷയെയും കുറിച്ച് പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: അവൻ അവനെ വിളിച്ചത് എന്റെ സഹോദരനും സഹഭൃത്യനും സഹഭടനും എന്നാണ്.

**അവന്റെ ത്യാഗം (2:26, 27)**

**26അവൻ നിങ്ങളെ എല്ലാവരേയും കാൺമാൻ വാഞ്ഛിച്ചും താൻ ദീനമായി കിടന്നു എന്നു നിങ്ങൾ കേട്ടതുകൊണ്ട്, വ്യസനിച്ചുമിരുന്നു. 27അവൻ**

**ദീനം പിടിച്ചു മരിപ്പാറായിരുന്നു സത്യം; എങ്കിലും ദൈവം അവനോട് കരുണ ചെയ്തു; അവനോടു മാത്രമല്ല, എനിക്ക് ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു.**

**വാക്യം 26.** തന്റെ സേവനത്തിന് എപ്പഫ്രാസിനു വില കൊടുക്കേണ്ടി വന്നു: അവനു ദീനം പിടിച്ചു. അവന്റെ രോഗത്തെ കുറിച്ച് ഫിലിപ്പിയയിലുള്ളവർ അറിഞ്ഞത് എപ്പഫ്രാസിനെ ആകുലപ്പെടുത്തി. പൗലൊസ് പറഞ്ഞു, അവൻ നിങ്ങളെ വന്നു കാൺമാൻ വാഞ്ഛിച്ചും അവൻ ദീനമായി കിടക്കുന്നു എന്ന് നിങ്ങൾ കേട്ടതിനാൽ അവൻ വ്യസനിച്ചുമിരുന്നു. "വ്യസനിച്ചു" എന്നത് ഗദ്ശെമനയിൽ വെച്ച് യേശുവിനുണ്ടായ മാനസികാവസ്ഥ സൂചിപ്പിക്കുവാനും ഉപയോഗിച്ചിരിക്കുന്നു (മത്താ. 26:37). "ദുഃഖത്താൽ ക്ഷീണിതനാകുന്ന അവസ്ഥ പ്രകടിപ്പിക്കുന്നതാണ് ഗ്രീക്ക് സാഹിത്യത്തിൽ ആ വാക്ക്."[4] എൽബിയിലെ സമാന്തര പ്രയോഗം " നിങ്ങളെ എല്ലാവരേയും കാണുവാൻ അവനു അതിയായ ആഗ്രഹവും അവൻ രോഗിയാണെന്ന് നിങ്ങൾ എല്ലാവരും അറിഞ്ഞതും അവനു വ്യസനഹേതുവായി."

**വാക്യം 27. അവൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു സത്യം.** റോമയിലുണ്ടായിരുന്ന അവന്റെ സ്നേഹിതന്മാരും കൂട്ടുകാരും അവന്റ കിടക്കക്കരികിൽനിന്നു ഇങ്ങനെ പറഞ്ഞു കാണും, "അവൻ ഈ രാത്രി വിട്ടുപോകയില്ല."

**അവന്റെ അവസ്ഥ (2:28–30)**

**28ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്കു ദുഃഖം കുറവാനും ഞാൻ അവനെ അധികം ജാഗ്രതയോടെ അയച്ചിരിക്കുന്നു. 29അവനെ കർത്താവിൽ പൂർണ്ണസന്തോഷത്തോടെ കൈക്കൊൾവിൻ; ഇങ്ങനെയുള്ളവരെ ബഹുമാനിപ്പിൻ. 30എനിക്ക് വേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയുടെ കുറവ് തീർപ്പാനല്ലോ അവൻ തന്റെ പ്രാണനെ പോലും കരുതാതെ ക്രിസ്തുവിന്റെ വേല നിമിത്തം മരണത്തോളം ആയ്പോയത്.**

ക്രിസ്തുവിനു വേണ്ടിയുള്ള തന്റെ സമർപ്പണം നിമിത്തമായിരുന്നു എപ്പഫ്രാസ് രോഗിയായി തീർന്നത്. **എന്നാൽ** പൗലൊസ് പറഞ്ഞു, **ദൈവം അവനോട് കരുണ ചെയ്തു**. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവനു സൗഖ്യമായി. എല്ലാ സൗഖ്യവും–ഇന്നു നടക്കുന്ന അത്ഭുതരഹിതമായ സൗഖ്യങ്ങളും–കർത്താവിനാൽ നടക്കുന്നതാണ്. പൗലൊസ് തുടർന്നു, **അവനോട് മാത്രമല്ല, എനിക്ക് ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു.** "ദുഃഖത്തിന്മേൽ ദുഃഖം" എന്നതു മൂലഭാഷയിൽനിന്നുള്ള അക്ഷരികമായ തർജിമയാണ്. അത് ആലങ്കാരിക ഉപയോഗമാണ്, അതായത് "ദുഃഖം നിറഞ്ഞു കവിയുക." നാം ആ വാക്കുകളെ അക്ഷരികമായി എടുക്കുകയാണെങ്കിൽ, എപ്പഫ്രാസിന്റെ രോഗത്താലുള്ള ആദ്യത്തെ ദുഃഖമായി ആദ്യത്തേത് എടുക്കാം. അവൻ മരിച്ചാലുണ്ടാകുവാനിടയുള്ള ദുഃഖമാണ് രണ്ടാമത്തേത്.

**വാക്യം 28.** എപ്പഫ്രാസ് സുഖം പ്രാപിച്ച ശേഷം, പൗലൊസ് അവനോട് ഒരുപക്ഷെ റോമിൽ തങ്ങുവാൻ ആവശ്യപ്പെട്ടിരിക്കാം, പക്ഷെ അവനെ ഫിലിപ്പിയയിലേക്ക് അയക്കുന്നതാണ് അതിനേക്കാൾ നല്ലതെന്ന് അവൻ

തീരുമാനിച്ചു. അത് തന്റെ അവസ്ഥ അൽപം പ്രയാസകരമാക്കുമെങ്കിലും, അത് എപ്പഫ്രൊസിനും ഫിലിപ്പിയസഭക്കും ആശ്വാസമാകും. അവൻ എഴുതി, **ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്ക് ദുഃഖം കുറവാനും ഞാൻ അവനെ അധികം ജാഗ്രതയോടെ അയച്ചിരിക്കുന്നു.** "എല്ലാ സഭകളെയും കുറിച്ചുള്ള ദൈനന്തിന ഭാരവും" എല്ലായ്പോഴും പൗലൊസിൽ ഉണ്ടായിരുന്നു (2 കൊ. 11:28). എപ്പഫ്രൊസിനെ ഫിലിപ്പിയയിലേക്ക് മടക്കി അയക്കുമ്പോൾ, ഫിലിപ്പിയരെ കുറിച്ചുള്ള ഉൽക്കണ്ഠക്കും ആശ്വാസം ലഭിക്കും.

പൗലൊസ് അങ്ങനെ എഴുതുവാൻ കാരണം ഫിലിപ്പിയർ വിചാരിച്ചത് എപ്പഫ്രൊസിന് അത്ര പെട്ടെന്നു രോഗ സൗഖ്യം ലഭിക്കുകയില്ല എന്ന കാരണത്താലാണ് മടക്കി അയക്കുവാനാവശ്യപ്പെട്ടത് എന്ന് പല എഴുത്തുകാരും കരുതുന്നുണ്ട്. പക്ഷെ അതിനു തെളിവുകളൊന്നും ഞാൻ കാണുന്നില്ല. എപ്പഫ്രൊസും ഫിലിപ്പിയ ഇടവകയും തമ്മിൽ ഏറ്റവും അടുത്ത ബന്ധമുണ്ടായിരുന്നു എന്നതാണ് ഞാൻ കാണുന്നത്. എങ്ങനെയായാലും എപ്പഫ്രൊസ് മടങ്ങി വീട്ടിൽ പോകുവാൻ താനാണ് കാരണക്കാരൻ എന്നു പറഞ്ഞു പൗലൊസ് വിമർശനക്കാരുടെ വായ് അടക്കുകയാണ്.

**വാക്യം 29.** പൗലൊസ് എപ്പഫ്രൊസിനെ കുറിച്ചുള്ള ഭാഗം അവസാനിപ്പിച്ച്, ഈ പ്രബോധനം കൂടെ ഉൾപ്പെടുത്തി: **അവനെ കർത്താവിൽ പൂർണ്ണസന്തോഷത്തോടെ കൈക്കൊൾവിൻ; ഇങ്ങനെയുള്ളവരെ ബഹുമാനിപ്പിൻ.** അവർ അവനെ ഒരു നായകനെ പോലെ സ്വീകരിക്കണമായിരുന്നു. അവൻ "അത്ര മാന്യമായ പ്രവൃത്തികളൊന്നും ചെയ്യാതിരുന്ന അവന് അത്രയും വലിയ ആദരവ് നൽകണോ?" എന്ന് ചിലർ തടസം ഉന്നയിച്ചേക്കാം. കാരണം തന്നിൽ നിക്ഷിപ്തമായ കടമ അവൻ സ്വയമായി ചെയ്തു എന്നതാണ്.

പൗലൊസ് എഴുതി, "എല്ലാവർക്കും കടമായുള്ളത് ചെയ്വിൻ ... മാനം കൊടുക്കേണ്ടവന്നു മാനം" (റോമർ 13:7). റോമർ 13:17 ലെ സന്ദർഭത്തിൽ, ലോകത്തിൽ അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ മാനിക്കുന്നതിനെയാണ് പറയുന്നത്; എന്നാൽ മാന്യതക്ക് യോഗ്യരായവർക്ക് മാന്യത പ്രായോഗികമാക്കാം. റോമർ 13:7–ൽ "മാനം" എന്നു തർജിമ ചെയ്തിരിക്കുന്നത് "ഉയർന്ന ബഹുമാനം" എന്നാണ്, ഫിലിപ്പിയർ 2:29 ൽ അതേ മൂല വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

**വാക്യം 30.** എപ്പഫ്രൊസിനെ രോഗം ബാധിച്ചത് അവന്റെ ജോലിയുമായുള്ള ബന്ധത്തിലായിരുന്നു. അവൻ **തന്റെ പ്രാണനെ പോലും കരുതാതെ, ക്രിസ്തുവിന്റെ വേല നിമിത്തം മരണത്തോളം ആയ്പോയി.** അവന്റെ ജോലി പൊതുവായ സ്ഥലത്തും അപ്രധാന സ്ഥലത്തും ആയിരുന്നു എന്നാണ് ചിലർ പറയുന്നത്. പക്ഷെ പൗലൊസ് പറഞ്ഞത് അവൻ "ക്രിസ്തുവിന്റെ വേലയായിരുന്നു ചെയ്തത്" എന്നാണ്. എപ്പഫ്രൊസിന്റെ രോഗം എന്തായിരുന്നു എന്നു കൃത്യമായി നമുക്ക് അറിയില്ല, എന്നാൽ തീർച്ചയായും "കർത്താവിനു വേണ്ടി" അവൻ തന്റെ ജീവനെ പോലും അപകടപ്പെടുത്തി. "അപകടപ്പെടുത്തി" എന്നത് തർജിമ ചെയ്തിരിക്കുന്നത്, *പാരാബോലെയുവോമായി* എന്ന രസകരമായ വാക്ക് ആണ്, ആ വാക്ക് സംയോജിപ്പിച്ചിരിക്കുന്നത്, "എലോങ്സൈഡ്" എന്നർത്ഥം വരുന്ന *പാരാ*യും, "എറിയുക" എന്നർത്ഥം വരുന്ന *ബാലോ*യും ആണ്. ഒരാളെ മനഃപ്പൂർവ്വമായി അപകടത്തിലേക്ക് "എറിയുക" എന്നാണ് ആ വാക്കിന്റെ അർഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരാളെ അപകടത്തി

ലേക്ക് നയിക്കുക എന്നു പറയാം തന്റെ സുരക്ഷയെക്കാൾ ക്രിസ്തുവിനായി സാഹസത്തിലേർപ്പെടുന്നതാണ് സുപ്രധാനം എന്നു എപ്പഫ്രാസ് കണക്കാക്കി.

തന്റെ ജീവനെ അപകടത്തിലാക്കുന്ന എന്തു പ്രവൃത്തിയാണ് എപ്പഫ്രാസ് ചെയ്തത്? അതിനെ കുറിച്ചു പഠിച്ചിട്ടും എനിക്ക് അത് ഇപ്പോഴും മനസിലായിട്ടില്ല, എങ്കിലും പറഞ്ഞു കേട്ടിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

- എഴുന്നൂറ്–മൈൽ യാത്ര ചെയ്ത് റോമിലേക്ക് പോകുക–അതും പണവുമായിട്ട് പോകുന്നത്–അപകടകരം തന്നെയാണ്. വഴിയിൽ വെച്ച് എപ്പഫ്രാസ് ആക്രമിക്കപ്പെട്ടേക്കാം; അത് സാധാരണ സംഭവിച്ചിരുന്നു എന്ന് ലൂക്കൊസ് 10:30 വെളിപ്പെടുത്തുന്നു. എപ്പഫ്രാസ് ആക്രമിക്കപ്പെട്ടിരുന്നെങ്കിൽ പോലും പൗലൊസിനുള്ള സംഭാവന എത്തിക്കുവാൻ അവനു കഴിഞ്ഞു.
- ജീവനു തന്നെ ഭീഷണി നേരിട്ട് വിചാരണയിലായിരിക്കുന്ന ആളിന്റെ അടുക്കൽ പോകുന്നു എന്ന തിരിച്ചറിവും സാഹസമായിരുന്നേക്കാം. പൗലൊസിനെയാണെങ്കിൽ രാജ്യദ്രോഹം കുറ്റം ചുമത്തിയിരുന്നു; റോമിനാണെങ്കിൽ, അതിനേക്കാൾ വലിയ കുറ്റം ഇല്ല. "മരണശിക്ഷക്ക് വിചാരണ നേരിടുന്ന ഒരാളെ വ്യക്തിപരമായി ചെന്നു ശുശ്രൂഷിക്കുവാൻ മുന്നോട്ട് വരുന്ന ആളേയും അതേ കുറ്റം ചുമത്തി ശിക്ഷിക്കാവുന്ന സാഹസമായിരിക്കാം അവന്റെ മുന്നിലുണ്ടായിരുന്നത്."[5]
- പൗലൊസിന്റെ ചില നിർദ്ദേശങ്ങൾ നടപ്പാക്കുന്നതും അപകടകരമായിരുന്നേക്കാം–ഉദാഹരണത്തിന്, പൗലൊസ് അവനോട് രോഗിയെ ശുശ്രൂഷിപ്പാൻ ആവശ്യപ്പെട്ടു. "ശൈശവ സഭയിൽ രോഗികളെ ശുശ്രൂഷിക്കുന്നത് ജീവനെ [പണയം] വെച്ചുള്ളതായിരുന്നതിനാൽ *പാരബോളനായി* എന്നാണ് വിളിച്ചിരുന്നത്. ഈ വേദഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് 'മരിക്കത്തക്ക' എന്ന് അർത്ഥം വരുന്ന വിധത്തിലാണ്, അക്ഷരികമായ അർത്ഥം 'കൂസലില്ലാത്ത വ്യക്തികൾ.' "[6]

ഫിലിപ്പിയർക്ക് വേണ്ടി എപ്പഫ്രാസ് പൗലൊസിന്റെ ഗുണഭോക്താവായിരുന്നു. അപ്പൊസ്തലന് ഫിലിപ്പിയ സഭ ചെയ്യേണ്ടിയിരുന്ന ശുശ്രൂഷയുടെ കുറവ് തീർക്കുകയായിരുന്നു അവന്റെ ദൗത്യം. ഗ്രീക്കിൽ ആ ഉദ്ദേശമില്ലെങ്കിലും ഇംഗ്ലീഷിൽ ["കുറവായുള്ളത്"] എന്നത് അൽപം ശാസനാരൂപത്തിലാണ് പറഞ്ഞിരിക്കുന്നത്.[7] പൗലൊസ് റോമയിലായിരുന്നപ്പോൾ ഫിലിപ്പിയർക്ക് അവനോടൊപ്പം ആയിരിപ്പാൻ കഴിഞ്ഞില്ല എന്ന ഒരു കുറവ് മാത്രമെ അവരുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നുള്ളു. അദ്ധ്യായം 4 ൽ പൗലൊസ് പറഞ്ഞു, "... നിങ്ങൾ പിന്നെയും എനിക്കു വേണ്ടി വിചാരപ്പെടുവാൻ തുടങ്ങി ... എങ്കിലും അവസരം കിട്ടിയില്ല" (4:10). അവരുടെ കുറവ് അവരുടെ പ്രതിനിധി എപ്പഫ്രൊദിത്തൊസ് പരിഹരിച്ചു. "[അവർക്ക്] എത്തിക്കുവാൻ കഴിയാതിരുന്ന സഹായം അവർക്ക് വേണ്ടി" അവൻ പൗലൊസിനു നൽകി (സിജെബി).

## പ്രായോഗികത

**നിസ്വാർത്ഥത (2:19–30)**

നിസ്വാർത്ഥതയുടെ ആവശ്യത്തെ പൗലൊസ് ഫിലിപ്പിയർക്ക് എഴുതു

മ്പോൾ പ്രകടമാക്കി (2:3, 4). പിന്നെ അവൻ നിസ്വാർത്ഥതയുടെ അന്തിമ മാതൃകയും നൽകി: യേശു (2:5–8). പിന്നീട്, "ക്രിസ്തുവിന്റെ മനസ്" ഉള്ള രണ്ടു മനുഷ്യരേയും പറഞ്ഞു: തിമൊഥെയൊസും എപ്പഫ്രൊദിത്തൊസും (2:19–30). എത്ര വലിയ മനുഷ്യർ; എന്തു നല്ല മനുഷ്യർ; നമുക്ക് അവർ എത്ര നല്ല മാതൃകയാണ്!

### നല്ല മനുഷ്യരാണ് ആവശ്യം (2:19–30)

അമേരിക്കയിലെ നാവിക സൈന്യം കോടുത്തിരുന്ന പരസ്യമാണ് "കുറച്ചു നല്ല ആളുകൾ വേണം." "നല്ല ആളുകളെ" അന്വേഷിക്കുന്നത് അന്ന് ആരംഭിച്ചതോ അവസാനിച്ചതോ അല്ല. പകൽ സമയത്ത് പുരാതന തത്വചിന്തകൻ വിളക്ക് കത്തിച്ച് അവിടെയും ഇവിടെയും നോക്കി നടന്ന കഥ നാം കേട്ടിട്ടുണ്ട്. അയാൾ അങ്ങനെ ചെയ്യുന്നതെന്താണെന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി, "ഞാൻ അന്വേഷിക്കുന്നത് സത്യസന്ധനായ ഒരു മനുഷ്യനെയാണ്" എന്നായിരുന്നു.[8] ദൈവം യെഹെസ്ക്കേൽ പ്രവാചകനോട് പറഞ്ഞു, "ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം ... ഇടുവിൽ നിൽക്കുവാൻ ഒരു പുരുഷനെ അവരുടെ ഇടയിൽ അന്വേഷിച്ചു" (യെഹെ. 22:30). അമ്പതു വർഷത്തിലധികമായി സുവിശേഷപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ആളെന്ന നിലയിൽ കർത്താവിന്റെ സഭക്കുള്ള ഏറ്റവും വലിയ ആവശ്യമാണ്, "കുറെ നല്ല ആളുകൾ" എന്നു നിസംശയം പറയാം (സ്ത്രീകളും പ്രധാനപ്പെട്ടവർ തന്നെയാണ്; എങ്ങനെയായാലും, സഭയെ നയിക്കുവാനുള്ള ഉത്തരവാദിത്തം പുരുഷന്മാർക്ക് ദൈവം കൊടുത്തിരിക്കയാൽ, പുരുഷന്മാരുടെ കാര്യം വളരെ പ്രസക്തമാണ്.) 2:19–30 വരെ നല്ലവരായ രണ്ട് പുരുഷന്മാരെ കുറിച്ച് പറഞ്ഞിരിക്കുന്നു: തിമൊഥെയൊസും എപ്പഫ്രാസും.

### കരുതാതെ ഇരിക്കൽ (2:21)

പൗലൊസ് വിവരിച്ച മനസാണ് സുവിശേഷത്തിന്റെ വ്യാപ്തിക്കു തടസമായി നിൽക്കുന്നത്: "യേശുക്രിസ്തുവിന്റെ കാര്യമല്ല, സ്വന്തകാര്യമത്രെ എല്ലാവരും നോക്കുന്നു." ഒരു സഭാ മന്ദിരത്തിന്റെ മുൻപിലുള്ള ബോർഡിൽ ഞാൻ ഇങ്ങനെ വായിച്ചു: "ജീസസ് ഓൺലി." ബോർഡിൽ നിന്നു ആദ്യത്തെ മൂന്ന് അക്ഷരങ്ങൾ കാറ്റ് എടുത്തുകൊണ്ടു പോയപ്പോൾ "ഞങ്ങൾ മാത്രം"[9] എന്ന് ശേഷിച്ചു. ഖേദമെന്ന് പറയട്ടെ ആ ബോർഡ് ഇന്ന് ചിലരിലേക്ക് വിരൽ ചൂണ്ടുകയാണ്. പൗലൊസ് ഈ വെല്ലുവിളി നമുക്ക് തരുന്നു: "ഓരോരുത്തൻ സ്വന്ത ഗുണമല്ല മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ" (1 കൊ. 10:24). ആ വെല്ലുവിളി അവൻ ഏറ്റെടുത്തതായിരുന്നു: "ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന്നു അവരുടെ ഗുണം തന്നെ അന്വേഷിച്ചു" (1 കൊ. 10:33). സ്വദേശത്തും വിദേശത്തും ആവശ്യഭാരങ്ങളാൽ ഞെരുങ്ങുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ മുന്നോട്ട് വരുന്ന കരുതലുള്ള സ്ത്രീപുരുഷന്മാർ നമുക്ക് വേണം.

### കർത്താവിന്റെ ഭൃത്യന്മാരെ ബഹുമാനിപ്പിൻ (2:29)

നിർഭാഗ്യവശാൽ, വിശ്വസ്തരായി കർത്താവിനെ സേവിക്കുന്നവരെ നാം അംഗീകരിക്കാറില്ല. വർഷങ്ങളോളം മിഷ്ണറി പ്രവർത്തനം നടത്തിയ ശേഷം അദ്ദേഹവും ഭാര്യയും നാട്ടിലേക്ക് യാത്ര തിരിച്ചു. പ്രസിദ്ധനായ ഒരു കായി

കമൽസരാർത്ഥിയും അതേ വിമാനത്തിൽ യാത്ര ചെയ്തിരുന്നു. ആ കായികാഭ്യാസിയെ വരവേൽക്കാൻ ധാരാളം പേർ തടിച്ചു കൂടിയിരുന്നു. പക്ഷെ മിഷ്ണറിയെ സ്വീകരിപ്പാൻ ആരും ഇല്ലായിരുന്നു. നിരാശനായ മിഷ്ണറിയെ അദ്ദേഹത്തിന്റെ ഭാര്യ ആശ്വസിപ്പിച്ചുകൊണ്ട് ഈ വാക്കുകൾ പറഞ്ഞു, "കാര്യമായ വീട്ടിലേക്കല്ല നാം മടങ്ങി വരുന്നത്." ദൈവത്തിനു വേണ്ടി ചെയ്യുന്ന നിസാരമായ പ്രവൃത്തിക്കുപോലും ഒരുനാൾ അംഗീകാരം ലഭിക്കും എന്നതിനാൽ നമുക്ക് ദൈവത്തിന് സ്തോത്രം ചെയ്യാം (മത്താ. 25:31–46) –എന്നാൽ ഈ ജീവിതത്തിലും അനുമോദനം ലഭിക്കുക എന്നത് മനോഹരമല്ലേ?

ചിലർ എതിർത്തേക്കാം, "നാം ആളുകളുടെ ആത്മിക പ്രവൃത്തികളെ ആദരിച്ചാൽ അവർ അഹങ്കരിച്ചുപോകും." അതിന്റെ ആവശ്യമില്ല. ഫിലിപ്പിയർ 2 ൽ, ദുരഭിമാനത്തെ ഖണ്ഡിച്ചിരിക്കുകയാണ് (വാ. 3). അതേ സമയം, സഹോദരന്മാരെ പ്രോൽസാഹിപ്പിക്കുവാൻ "മാന്യതയുള്ള" ഒരു സഹോദരനെ ഉയർത്തി കാണിക്കുകയും ചെയ്യുന്നു (വാ. 29). ഏൾ എഫ്. പാമറോട് ഞാൻ യോജിക്കുന്നു, അദ്ദേഹം എഴുതി,

> അന്യോന്യം സ്നേഹപ്രകടനം നടത്തുകയും അമിതമായി "നന്ദി പ്രകടനം" നടത്തുകയും ചെയ്ത ഒരു ഇടവകയുടെ കൂട്ടായ്മക്കും അതു ദോഷമായി തീർന്നതായി എനിക്ക് അറിയില്ല, എന്നാൽ അന്യോന്യം ഒന്നു ചിരിക്കുകയോ, അനുമോദിക്കുകയോ, സ്നേഹപ്രകടനം നടത്തുകയോ ചെയ്യാതെ ഇരുണ്ടതും വരണ്ടതുമായ ഇടവകയുടെ കൂട്ടായ്മയെയാണ് അത് ദോഷമായി ബാധിക്കുന്നത് എന്നാണ് എനിക്ക് കാണുവാൻ കഴിഞ്ഞിട്ടുള്ളത്.[10]

"ദൈവത്തിനു മാത്രം കൊടുക്കാവുന്ന ആദരവിന് മനുഷ്യർക്ക് ആർക്കും യോഗ്യതയില്ല എന്നത് വാസ്തവമാണ്, എന്നാൽ മനുഷ്യർക്ക് നൽകാവുന്ന ബഹുമാനം ഉണ്ട്."[11] ഫിലിപ്പിയർ 2:25–30 ൽ പൗലൊസ് എപ്പഫ്രൊസിനെ വിലയിരുത്തി ആദരിക്കുന്നുണ്ട്. "ആ പുകഴ്ത്തൽ വാക്കുകൾ ... ലോക സാമ്രാജ്യത്തിന്റെ യുദ്ധങ്ങളിൽ പൊരുതി മരിച്ചവരുടെ പേരുകൾ ചുമരിൽ എഴുതപ്പെട്ടാലും മറന്നുപോകുമെങ്കിൽ, ക്രിസ്തുവിനെ സേവിച്ച് അവസാനം വീട്ടിലെത്തുമ്പോൾ വിനയ ഭൃത്യന്റെ പേർ അവിടെ എഴുതിയിരിക്കുന്നത് എത്ര ചാരിതാർത്ഥ്യം."[12] ക്രിസ്ത്യാനികളായി തീർന്ന നാം സ്നേഹബന്ധത്തെ നിലനിർത്തി [മറ്റുള്ളവർ] പ്രാധാന്യമുള്ളവരാണെന്ന് അവരെ ബോധ്യപ്പെടുത്തി അനുമോദിക്കണം."[13]

**കർത്താവിനു വേണ്ടി പ്രവർത്തിക്കുക (2:30)**

കർത്താവിനു വേണ്ടി ഏതു വേല ചെയ്യുന്നതും പ്രാധാന്യമുള്ളതാണ്. പ്രസംഗവും, ഉപദേശവും, ആരാധന നയിക്കുന്നതും പ്രധാനപ്പെട്ട ജോലിയാണ്–എന്നാൽ അതുപോലെ പ്രാധാന്യമുള്ളതാണ് സഹോദരീസഹോദരന്മാരെ പ്രോൽസാഹിപ്പിക്കലും, ദുഃഖത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കലും, രോഗികൾക്ക് ഭക്ഷണം എത്തിക്കലും (മത്താ. 10:42; 25:31–46). ഏതു നിലയിലും കർത്താവിനെ സേവിക്കുവാൻ സന്നദ്ധരായ കൂടുതൽ ക്രിസ്ത്യാനികൾ നമുക്ക് ഉണ്ടാകണം–അനുമോദിക്കപ്പെടാത്ത ജോലി ചെയ്യുവാനും അങ്ങനെ കർത്താവിന്റെ നാമം മഹിമപ്പെടുവാനും ഇടയാകും.

കുറിപ്പുകൾ

[1]ജോൺ എഫ്. വാൽവൂഡ്, *ഫിലിപ്പിയൻസ്* ട്രയംഫ് ഇൻ ക്രൈസ്റ്റ് എവരിമാൻസ് ബൈബിൾ കമെന്ററി (ഷിക്കാഗോ, മൂഡി പ്രസ്, 1971), 71. [2]ഫിലിപ്പിയയിലെ ഇടവകയിൽ എപ്പഫ്രാസ് ഒരു മൂപ്പൻ അല്ലെങ്കിൽ ശുശ്രൂഷകൻ ആയിരുന്നു എന്നാണ് എഴുത്തുകാരിൽ പലരും കരുതുന്നത്. ആയിരുന്നേക്കാം, പക്ഷെ വേദഭാഗം അതു പറയുന്നില്ല. [3]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസ്സലോണിയൻസ്*, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 49. [4]ജെയിംസ് എം. ടോൾ, *നോട്ട്സ് ഓൺ ഫിലിപ്പിയൻസ്* (സാൻഫ്രാൻസിസ്കോ, കാലിഫ്.: ടോൾ പബ്ലിക്കേഷൻസ്, 1972), 44. [5]ബാർക്ലേ, 48. [6]ടോൾ, 47. [7]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1969), 110. [8]ഡയോജെനസ് *ദ സിനിക്* (സി400–സി, 325 ബി.സി); ക്വോട്ടഡ് ഇൻ ജോൺ ബാർട്ട്ലെറ്റ്, *ബാർട്ട്ലെറ്റേഴ്സ് ഫെമിലിയർ ക്വൊട്ടേഷൻസ്*, 16ത് എഡി., എഡി. ജസ്റ്റിൻ കാപ്ലാൻ (ബോസ്റ്റൻ: ലിറ്റിൽ, ബ്രൗൺ ആന്റ് കമ്പനി., 1992), 77. [9]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 82. [10]ഏൾ എഫ്.പാമർ, *ഇന്റഗ്രിറ്റി ഇൻ ഏ വേൾഡ് ഓഫ് പ്രിട്ടെൻസ്: ഇൻസൈറ്റ്സ് ഫ്രം ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ്*, (ഡൗണേഴ്സ്, ഇന്റർവാഴ്സിറ്റി പ്രസ്, 1992), 118.

[11]ടോൾ, 46, നോക്കുക, എഫെ. 6:2; 1 തിമൊ. 5:17; 6:1; എബ്രാ. 12:9; 1 പത്രൊ. 2:17; 3:1–7. [12]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* (ഫിലദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 105. [13]പാമർ, 117.